പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 728 15.07.2014-ൽ മറുപടിക്ക്

## സ്ത്രീകളുടെ യാത്രാസുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>" എം.എ. വാഹീദ് :<br>" വി. റ്റി. ബൽറാം :<br>" എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. സ്ത്രീകൾക്കു മാത്രമായി വിശ്രമ മുറികൾ, കുടിവെള്ളം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. മുപ്പതോളം ഡിപ്പോകളിൽ ഇതിനകം പണി പൂർത്തിയാക്കി ഉപയോഗത്തിലാണ്. അഞ്ച് ഡിപ്പോകളിൽ പണികൾ പുരോഗതിയിലാണ്. രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും | സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതമായ വിശ്രമ മുറികൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, 24 മണിക്കൂറും സുരക്ഷയും കെ.എസ്.ആർ.ടി.സി ഉറപ്പാക്കുന്നു.<br>യാത്രക്കാരായ സ്ത്രീകളുടെ ബാഗുകളും മറ്റും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള |
| (സി) | എന്തെല്ലാം സ്ത്രീശാക്തീകരണ സഹായങ്ങളാണ് പദ്ധതിയനുസരിച്ച് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ബസ്സ് സ്റ്റേഷനുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) യും | ക്ലോക്ക് റൂം സൗകര്യം, സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിലേക്ക് സെക്യൂരിറ്റി ബൂത്ത് / പോലീസ് എയ്ഡ് പോസ്റ്റ് എന്നിവയും കെ.എസ്.ആർ.ടിസി ലക്ഷ്യമിട്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടിസി പുതുതായി പണികഴി പ്പിക്കുന്ന എല്ലാ ബസ് ടെർമിനലുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും സ്ത്രീകൾക്ക് പ്രത്യേക സുരക്ഷിതത്വം ഉറപ്പാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ